ടോൾസ്റ്റോയ് കഥകൾ

പുനരാഖ്യാനം: അനിൽകുമാർ തിരുവോത്ത്

# സീറോഴയുടെ പക്ഷി

സീറോഴയ്ക്ക് അവന്റെ പേരിടീൽ ദിനത്തിൽ ധാരാളം സമ്മാനങ്ങൾ കിട്ടിയിരുന്നു. പമ്പരം , കളിക്കുതിര, ചിത്രങ്ങൾ അങ്ങനെ പലതും. പക്ഷേ ഏറ്റവും നല്ല സമ്മാനം അവന്റെ അമ്മാവന്റെ കൈയിൽ നിന്നാണ് കിട്ടിയത്, പക്ഷികളെ പിടിക്കുന്ന വല. നടുവിൽ വലയുള്ള ചെറിയ പലകയോടു കൂടിയ ഒരു ഫ്രെയിം ആയിരുന്നു അത്.

ആ പലകയിൽ ഇത്തിരി ധാന്യം വെച്ച് വല തോട്ടത്തിൽ ഇടുക. പക്ഷി അതിൽ വന്നിരിക്കുന്ന നിമിഷം, പലക മറിയുകയും വല പക്ഷിയുടെ തല മുകളിലൂടെ വന്ന് അടയുകയും ചെയ്യും. സീറോഴ ആ സമ്മാനത്തിൽ വളരെ സന്തോഷിക്കുകയും അത് അമ്മയെ കാണിക്കാനായി ഓടുകയും ചെയ്തു.

"ഇതൊരു മോശം കളിക്കോപ്പാണ്"- അവർ പറഞ്ഞു.

"അല്ലെങ്കിലും ഇനി നീയെന്തിനാണ് പക്ഷികളെ പിടിക്കുന്നത്? എന്തിനവയെ വേദനിപ്പിക്കണം?"

"ഞാനവയെ ഒരു കൂട്ടിലാക്കും, അവ പാടും, ഞാൻ അവയ്ക്ക് തീറ്റ കൊടുക്കും."

സീറോഴ അൽപം ധാന്യം എടുത്ത്, ആ ചെറിയ പലകയിൽ വെച്ച്, വല തോട്ടത്തിൽ ഇട്ടു.

അവൻ കുറേ കാത്തു. ഒരു പക്ഷിയും വന്നില്ല. പക്ഷികൾ അവനെ പേടിച്ച് വലയുടെ അരികത്തു കൂടി പറക്കുക പോലും ചെയ്തില്ല. സീറോഴ ഭക്ഷണം കഴിക്കാൻ പോയി. തിരി



ഡൽഹിയിൽ ചാർമിനാർ സ്ഥാപിച്ചത്- അലാവുദ്ദീൻ ഖിൽജി

# ലോകം ചുറ്റിയ മലയാളി

ഒറ്റയ്ക്ക് പായക്കപ്പലിൽ ലോകം ചുറ്റിയ ഇന്ത്യക്കാരൻ അഭിലാഷ് ടോമി എന്ന മലയാളിയാണ്. മാദേദി എന്ന പായ്ക്കപ്പലിൽ ഒരു തുറമുഖത്തും അടുക്കാതെ 2012 നവംബർ ഒന്നുമുതൽ 2013 ഏപ്രിൽ 6 വരെ തുടർച്ചയായി 42,000 കിലോമീറ്റർ ദൂരം അദ്ദേഹം സഞ്ചരിച്ചു.



അഭിലാഷ് ടോമി

ച്ചുവന്നപ്പോൾ വല അടഞ്ഞിരിക്കുന്നു. ഒരു ചെറു പക്ഷി അകത്ത് പിടയുന്നു. നിറഞ്ഞ സന്തോഷത്തോടെ സീറോഴ പക്ഷിയെ എടുത്ത് വീട്ടിലേക്ക് കൊണ്ടു വന്നു.

''അമ്മേ നോക്ക്, ഞാനൊരു പക്ഷിയെ പിടിച്ചു, മിക്കവാറും അതൊരു രാപ്പാടിയാണ്, എന്തൊരു മിടിപ്പാണ്.''

''ഇതൊരു കുരുവിയാണ്.'' അമ്മ പറഞ്ഞു. ''നോക്ക് നീയിതിനെ പീഡിപ്പിക്കരുത്. അതിനെ വിട്ടുകളയുകയാണ് നല്ലത്.''

''ഇല്ല, ഞാനിതിനെ തീറ്റും, വെള്ളവും കൊടുക്കും.'' സീറോഴ അതിനെ ഒരു കൂട്ടിലടച്ചു, ധാന്യവും വെള്ളവും വെച്ചു, ദിവസവും രണ്ടു നേരം കൂട് വൃത്തിയാക്കി. പക്ഷേ, മൂന്നാം ദിവസം അവനാ പക്ഷിയെ മറന്നു. വെള്ളം മാറ്റി വെക്കാനും മറന്നു.

''നീയെവിടെ?'' അമ്മ ചോദിച്ചു. ''നീ ആ ചെറു പക്ഷിയെ മറന്നു. അതിനെ പോകാനനുവദിക്കുകയാണ് നല്ലത്!''

''ഇല്ല, ഞാനതിനെ മറന്നിട്ടില്ല. ഞാനതിന്റെ കൂട് നന്നാക്കാനും വെള്ളം കൊടുക്കാനും പോവുകയാണ്.''

സീറോഴ കൂട്ടിൽ കൈയിട്ട് വൃത്തിയാക്കാൻ തുടങ്ങി. പേടിച്ച കുരുവി കൂട് കൊത്തിപ്പറിക്കാൻ തുടങ്ങി. കൂട് നന്നാക്കിക്കഴിഞ്ഞ് അവൻ വെള്ളമെടുക്കാൻ പോയി. അവൻ കൂട് അടച്ചിട്ടില്ല എന്ന കാര്യം അമ്മ ശ്രദ്ധിച്ചു.

''സീറോഴാ, കൂട് അടയ്ക്ക്; ഇല്ലെങ്കിൽ അത് പൊയ്ക്കളയും.''

അവർ അത് പറയുമ്പോൾ കുരുവി ചെറിയ വാതിലിലൂടെ സന്തോഷത്തോടെ നുഴഞ്ഞിറങ്ങി, ചിറക് വിടർത്തി ജനവാതിലിലൂടെ കുതിച്ചു. അത് ജനൽച്ചില്ല് കണ്ടില്ലായിരുന്നു, ചില്ലിൽ തട്ടി അത് താഴെ വീണു.

സീറോഴ ഓടി വന്ന്, അതിനെ എടുത്ത് കൂട്ടിൽത്തന്നെ ഇട്ടു. കുരുവിക്ക് അപ്പോഴും ജീവനുണ്ടായിരുന്നു. പക്ഷേ നെഞ്ചടച്ച് ചിറക് വിരുത്തി കിടക്കുകയായിരുന്നു, അത് കഠിനമായി ശ്വസിച്ചു. സീറോഴ അതിനെത്തന്നെ നോക്കി കണ്ണീരൊഴുക്കി.

''അമ്മേ, ഞാനെന്തു ചെയ്യും!''

''ഇപ്പോൾ എനിക്കൊന്നും ചെയ്യാനില്ല.''

സീറോഴ എല്ലാ ദിവസവും കൂടിനരികെ നിന്ന് കുരുവിയുടെ കിടപ്പും ശ്വാസഗതിയും ശ്രദ്ധിച്ചു. അവന് കുറേ ദിവസത്തേക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. കാരണം അവനതിന്റെ കിടപ്പും ശ്വാസഗതിയും കാണുന്നുണ്ടായിരുന്നു, കണ്ണടക്കുമ്പോഴൊക്കെ. ഒരു ദിവസം രാവിലെ അവൻ നോക്കുമ്പോൾ കുരുവി അതിന്റെ ചെറിയ കാലൂന്നി ശരീരത്തെ നേരെ നിർത്താൻ ശ്രമിക്കുകയായിരുന്നു. പിന്നീടൊരിക്കലും സീറോഴ പക്ഷികളെ പിടിച്ചില്ല.

✦

പാൽ ഉൽപാദിപ്പിക്കുന്ന പക്ഷി– പ്രാവ്